## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2300 12-06-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### സംസ്ഥാനത്തിന്റെ പൊതു ധനകാര്യസ്ഥിതി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ പൊതു ധനകാര്യസ്ഥിതി എന്തെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ; | അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനം (കേന്ദ്ര ഗവൺമെന്റിൽ നിന്നും കൈമാറ്റം ചെയ്ത് കിട്ടിയത് ഉൾപ്പെടെ) 82927.19 കോടി രൂപയും റവന്യൂ ചെലവ് 97894.83 കോടി രൂപയും ആയിരുന്നു. റവന്യൂ കമ്മിയും ധനകമ്മിയും യഥാക്രമം 14967.65 കോടിയും 24310.74 കോടിയും മൂലധന ചെലവ് 8182.73 കോടി രൂപയുമായിരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ദിവസം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു എന്ന് വെളിപ്പെടുത്തുമോ; | സംസ്ഥാനത്തിന്റെ പ്രതിമാസ വരുമാനം നിശ്ചിതവും എന്നാൽ ചെലവുകൾക്ക് ബഡ്ജറ്റിലൂടെയുള്ളതല്ലാതെ മറ്റ് നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ വരവിനനുസരിച്ച് ട്രഷറി മുഖേനയുള്ള ചെലവുകൾ ക്രമപ്പെടുത്തേണ്ടത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതവും കാലാകാലങ്ങളായി തുടർന്നുപോരുന്ന ഒരു നടപടിക്രമവുമാണ്. അതിലുപരിയായി മറ്റ് നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. |
| (സി) | സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിലുള്ള നിലവിലെ അന്തരം എത്രയാണ്; | 2017-18 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകളാണ് ലഭ്യമായിട്ടുള്ളത്. ആയത് പ്രകാരം റവന്യൂ കമ്മി 14967.65 കോടി രൂപയും ധന കമ്മി 24310.74 കോടി രൂപയുമാണ്. |
| (ഡി) | സംസ്ഥാനത്തിന്റെ പ്രതിദിന ചെലവ് എത്രയാണ്; വിശദാംശം വെളിപ്പെടുത്തുമോ; | ചെലവുകൾ ഏകീകൃത സ്വഭാവമില്ലാത്തതാകയാലും അക്കൗണ്ടന്റ് ജനറൽ വാർഷികാടിസ്ഥാനത്തിൽ മാത്രം കണക്കുകൾ അന്തിമമായി തയ്യാറാക്കുകയും ചെയ്യുന്നതിനാൽ |

| | | |
|---|---|---|
| | | ദിവസ അടിസ്ഥാനത്തിൽ ചെലവു കണക്കാക്കുന്നതിനുതകുന്ന ആധികാരിക വിവരങ്ങൾ ലഭ്യമല്ല. |
| (ഇ) | ഭരണനിർവ്വഹണത്തിനുള്ള ചെലവും വരവും തമ്മിലുള്ള നിലവിലെ അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ? | 2017-18 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള അനുപാതം 100:118 ആണ്. |

അക്കൗണ്ട്സ് ഓഫീസർ